LIBRARY ARCHIVES Kerala Legislative Assembly

തീരദേശറോഡും മത്സ്യഭവനും നിർമ്മിക്കാൻ നടപടി

158 [1097] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന വിവിധ പ്രദേശങ്ങളിൽ തീരദേശറോഡ് ഇല്ലാത്തതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി മേഖലകളിൽ തീരദേശ റോഡ് നിർമ്മാണത്തിന് സത്വരനടപടികൾ കൈക്കൊള്ളുമോ;

(സി) മത്സ്യത്തൊഴിലാളി മേഖലകളിൽ മത്സ്യഭവൻ സ്ഥാപിക്കാത്ത പ്രദേശങ്ങൾ ഇപ്പോഴും നിലവിലുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി മേഖലകളിലെല്ലാം മത്സ്യഭവൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻവർഷങ്ങളിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏറ്റെടുത്ത് പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഫിഷറീസ് റോഡുകളുടെ വികസനത്തിനായി ഫണ്ട്

159 [1098] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തോടെ ആർ. ഐ. ഡി. എഫ്.എക്സ്.ൽ ഉൾപ്പെടുത്തി ഏതെല്ലാം ഫിഷറീസ് റോഡുകൾക്ക് ഫണ്ട് ലഭ്യമാക്കുകയുണ്ടായി;

(ബി) ഇതിൽ കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡുകൾക്ക് ആർ. ഐ. ഡി. എഫ്. എക്സ്.ൽ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നബാർഡിന് റോഡുകളുടെ പ്രാഥമിക ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) & (സി) കണ്ണൂർ ജില്ലയിലെ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

സ്പോർട്സ് വകുപ്പ് നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ

160 [1099] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ സ്പോർട്സ് വകുപ്പ് എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ; ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ നടന്നുവരുന്നത്, പൂർത്തിയാക്കിയവ, ഇനി തുടങ്ങാനിരിക്കുന്നവ എന്നിവ ഇനംതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് വകുപ്പ് ഇടുക്കി ജില്ലയിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) *സ്പോർട്സ് കോംപ്ലക്സ്, തൊടുപുഴ:* തൊടുപുഴയിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി 2004-2005-ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിൽ 1 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഹൗസിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലം കണ്ടെത്തുവാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) *ഇടവെട്ടിച്ചിറയിലെ നീന്തൽക്കുള നിർമ്മാണം:* ഇതിനുവേണ്ടിയുള്ള എസ്റ്റിമേറ്റും പ്ലാനും സംസ്ഥാന ഹൗസിംഗ് ബോർഡിനെക്കൊണ്ട് തയ്യാറാക്കിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ടെക്നിക്കൽ സാങ്ഷൻ ഹൗസിംഗ് ബോർഡ് നൽകേണ്ടതുണ്ട്. ഈ സ്കീം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്വന്തം ഫണ്ടിൽനിന്നും വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative-Assembly